

# CHURCH VOICE


**C. S. I. MATEER MEMORIAL CHURCH**

Vol. 17 No.02 Newsletter February 2019




**അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു;**
**നിന്റെ സകലരോഗങ്ങളെയും സൗഖ്യമാക്കുന്നു.**

(സങ്കീ. 103:3)

# 112th Church Dedication Day - Felicitations (2-12-2018)



Dr. Nita S.
(MBBS Topper)



Manupriya
(MSc-Bio informatics - Ist Rank)



Jithya G. Ansalam
(CBSE 10th Topper)



Cynthia Felicity John
(ICSE 10th Topper)



John Joseph M.
(HSE +2 Physics Topper, HSE +2 Topper)



Annie Alphonse
(HSE +2 Malayalam Topper)

*Congrats...*

# CHURCH VOICE

17th year of publication

**FEBRUARY 2019**

## Editorial Board

**Chief Editor**
Rev. D. Jacob

**Convenor**
**Literary Board & Editor**
D. S. Valsa

Rev. Y. Vijayadas
Rev. Rohan P.
Rev. N.L. Praveen Raj
Manoj Kumar Ebenezer (Sub Editor)
Dr. Thampi Samraj Y. C.
Stanley Wilson
Dr. Samson Nessiah
Dr. Sajitha Sanjeev



**Address**

The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles/Feedback may be sent to
churchvoice@gmail.com
before 15th of every month



Church Voice can be read online at our website
www.mateermemorialchurch.com

**Printed at**
**Grace Printers**
**Muttada Ph: 2540523**


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| Week days | Morning Worship (Monday to Saturday) | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.30 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparatory Service (eve of first Sunday) | 05.45 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. D. Jacob (President) | 2724658 | 9447886139 |
| Rev. Y. Vijayadas (Presbyter) | 2316544 | 9496369672 |
| Rev. N. L. Praveen Raj (Presbyter) | 2316644 | 8547113982 |
| Rev. Rohan P. (Presbyter) | | 9895369500 |
| Dr. Thampi Sam Raj Y. C. (Church Secretary) | | 9496440463 |
| Mr. Stanley Wilson (Church Accountant) | | 9447744777 |
| Dr. Samson Nessiah | | 9447126931 |
| Mr. Premchand Johnson | | 9447118118 |
| Mr. Padma Kumar L. J. | | 9895393794 |
| Er. Joshua A. | | 9447388607 |
| Dr. Sugunan V. S. | | 9446551854 |
| Er. Ceragil Austin Prince | | 9037819570 |
| Mr. Peter Chellaiah | | 9400330003 |
| Mrs. Valsa D. S. | | 9744088183 |
| Mrs. Grisilda Wills | | 9995236650 |
| Mr. Jobin B. David | | 8891412585 |
| Mr. Jayakumar Alfred T. | | 9895110652 |
| **Church Office** | **2311347** | |
| Mr. M. Sathia Raj (Manager) | | 9446341682 |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

## From the Presbyter's desk



"നിന്റെ ദൈവമായ യഹോവയെ ഭയപ്പെട്ട് അവനെ സേവിക്കേണം" (ആവർ. 6:13).

ദൈവത്തെ ആരാധിക്കുക എന്നത് അവിടുത്തെ ദൈവമായി, സ്രഷ്ടാവും രക്ഷകനുമായി അസ്തിത്വമുള്ള സകലത്തിന്റെയും കർത്താവും അധിനാഥനുമായി അനന്തവും കരുണാർദ്രവുമായ സ്നേഹമായി അംഗീകരിക്കുകയാണ്. ദൈവത്തിൽ നിന്നല്ലാതെ നമുക്ക് അസ്തിത്വമില്ല. സൃഷ്ടിയുടെ നശ്വരതയെ ആദരവോടും പൂർണ വിധേയത്വത്തോടും കൂടെ നാം ആരാധനയിൽ അംഗീകരിക്കുന്നു. ദൈവത്തെ ആരാധിക്കുക എന്നത് ദൈവം നമ്മുടെ ജീവിതത്തിൽ വലിയ കാര്യങ്ങൾ ചെയ്തുവെന്നും അവിടുത്തെ നാമം വിശുദ്ധമാണെന്നും നന്ദിയോടെ ഏറ്റുപറഞ്ഞുകൊണ്ട് അവിടുത്തെ പുകഴ്ത്തുകയും മഹത്വപ്പെടുത്തുകയും നാം സ്വയം വിനീതരാവുകയും ചെയ്യുക എന്നതാണ്.

സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധത്തെ പ്രകടിപ്പിക്കുന്നതാണ് ആരാധന. ചിന്തയിലും വികാരത്തിലും പ്രവർത്തിയിലും മനുഷ്യൻ ദൈവത്തോട് ആദരവ് വെളിവാക്കുന്ന സന്ദർഭം. യാഗങ്ങളും ഉത്സവങ്ങളും അപ്രകാരം അവർ ദൈവത്തിനർപ്പിച്ച് ദേശാന്തരികളായിരുന്നപ്പോഴും കൂടാരങ്ങളിൽ പാർത്തപ്പോഴും കനാൻ നാട്ടിൽ സ്ഥിരമായി വസിച്ചപ്പോഴും പ്രവാസത്തിലായപ്പോഴും ദൈവത്തെ ആരാധിക്കുന്നതിൽ വീഴ്ച വരുത്തിയിരുന്നില്ല. രൂപഭാവങ്ങൾക്ക് വ്യത്യാസമുണ്ടെങ്കിലും അവർ ക്രമമായി ദൈവത്തെ ആരാധിച്ചു. പുതിയനിയമകാലത്തിന്റെ ആരംഭത്തിൽ സുനഗോഗുകളിലും പിന്നീട് ഭവനങ്ങളിലും തുടർന്ന് ആലയങ്ങളിലും ദൈവത്തെ ആരാധിക്കാൻ ജനം ഒന്നിച്ചുകൂടി. ആളത്വമുള്ള ദൈവം തന്റെ ജനത്തോട് ബന്ധമുള്ളവനായിരുന്നു. ദൈവസാന്നിധ്യം അവരോടൊപ്പം ഉണ്ടായിരുന്നതായും പ്രവർത്തിച്ചിരുന്നതായും അവർ അനുഭവിച്ചിരുന്നു. അതിനാൽ ആരാധന മനുഷ്യൻ സ്വയം ദൈവത്തിനർപ്പിക്കുന്നതല്ല. ദൈവം ചെയ്ത നന്മയുടെ നന്ദിയോടുകൂടിയ മനുഷ്യന്റെ പ്രത്യുത്തരവും ദൈവം കല്പിച്ചതിന്റെ അനുസരണവുമായിരുന്നു. Worship is man's response of faith to the creating, redeeming, sustaining, ruling God, expressing itself in glad adoration and obedient action".

ദൈവം ആത്മാവാകുന്നു. അവിടുത്തെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം (യോഹ. 4:24). ത്രിയേക ദൈവത്തെയാണ് ആരാധിക്കേണ്ടത്. ആത്മാവ് പരിശുദ്ധാത്മാവാണ്. സത്യം വചനമാണ്. വചനം യേശുക്രിസ്തുവാണ്. ദൈവം പിതാവാണ്. അതിനാൽ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേക ദൈവത്തെ ആരാധിക്കേണം. കൂടാതെ, മനുഷ്യൻ തന്റെ ആകുലങ്ങളും ആവലാതികളും ദൈവസന്നിധിയിൽ ഇറക്കിവച്ച്

ദേഹം ദേഹി ആത്മാക്കളെ ദൈവത്തിൽ സമർപ്പിച്ച് ആരാധിക്കണം.

ആരാധന എന്നതിന് തത്തുല്യമായി നൽകിയിരിക്കുന്ന എബ്രായ-യവന പദങ്ങൾ വീണു നമസ്കരിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. അതായത്, വളരെ വിനയത്തോടെ ദൈവത്തെ ആരാധിക്കണം. ഭയത്തോടും ഭക്തിയോടും കൂടി ദൈവസന്നിധിയിൽ വരണം. കുടുംബമായി ദൈവത്തെ ആരാധിക്കാൻ നാം സമർപ്പിതരാകണം. ആരാധന ആരംഭിക്കുന്നതിനു മുമ്പ് ദൈവാലയത്തി ലെത്തുകയും ആരാധനയ്ക്കായി സ്വയം ഒരുങ്ങുകയും വേണം. ആരാധനയുടെ ആരംഭം മുതൽ അവസാനം വരെ ആരാധനയിൽ സജീവമായി പങ്കെടുത്തു എന്ന് എല്ലാവരും ഉറപ്പാക്കണം. ആരാധനക്രമം ഉപയോഗിക്കുന്നതിലും പാടു ന്നതിലും തിരുവചനം വായിക്കുന്നതിലും ശ്രദ്ധയോടെ ദൈവവചനം ശ്രവി ക്കുന്നതിലും മദ്ധ്യസ്ഥത ചെയ്യുന്നതിലും ഓരോ പ്രാർത്ഥനയ്ക്കും ആമേൻ പറയുന്നതിൽപോലും ആത്മാർത്ഥത ഉള്ളവരായിരിക്കണം. ആരാധന കാണു ന്നവരായിട്ടല്ല; ദൈവത്തെ ആരാധിക്കുന്ന ആരാധന സമൂഹമായി മാറാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. അങ്ങനെ നമ്മുടെ ജീവിതം ദൈവാരാധനയും നമ്മുടെ ശരീരം ദൈവാലയവുമായി രൂപാന്തരപ്പെടും. അതിന് ദൈവം കൃപ ചെയ്യട്ടെ.

സ്നേഹാശംസകളോടെ,

**ജേക്കബച്ചൻ**

---



# പ്രതിവാര ധ്യാനം

**ഫെബ്രുവരി 03 ഞായർ**

വിഷയം: **കർത്താവിനെ സ്തുതിപ്പിൻ**

പുറ. 9:17, വെളി. 5:1-14, സങ്കീ. 81, യോഹ. 2:13-22

**ഫെബ്രുവരി 10 സൗഖ്യദായക ശുശ്രൂഷ ഞായർ**

വിഷയം: **രോഗത്തിൽ സൗഖ്യം**

പുറ. 4:10-17, 2 കൊരി 12:1-10, സങ്കീ. 103:1-10, യോഹ. 9:1-7

**ഫെബ്രുവരി 17**

വിഷയം: **സൃഷ്ടിയിലെ പരസ്പരാശ്രയത്വം**

ഉല്പ. 2:1-15, കൊലൊ. 2:16-23, സങ്കീ. 104:24-35, മത്തായി 13:1-9

**ഫെബ്രുവരി 24**

വിഷയം: **സൃഷ്ടിയുടെ അധഃപതനം**

യെശ. 5:1-13, ഗലാ. 1:5-10, സങ്കീ. 8, ലൂക്കൊ. 10:13-16

# എഡിറ്റോറിയൽ

## “നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കെയും എന്നെ പിന്തുടരും” (സങ്കീ. 23:8)

എപ്പോഴും ജീവിതത്തെക്കുറിച്ച് പരാതി പറയുന്ന മകളെ ഒരു ദിവസം പിതാവ് അടുക്കളയിലേക്ക് കൊണ്ടുപോയി. ഉരുളക്കിഴങ്ങ്, മുട്ട, കാപ്പിക്കുരു ഇവ എടുത്ത് ഒന്നുപോലുള്ള 3 പാത്രങ്ങളിൽ ഇട്ടു. ഓരോന്നിലും വെള്ളം ഒഴിച്ച് തിളപ്പിക്കാൻ തുടങ്ങി. വെള്ളം തിളക്കുമ്പോഴും മകൾക്ക് പരാതിയും പരിഭവവും മാത്രമേ ഉണ്ടായിരുന്നുള്ളു. 20 മിനിറ്റ് കഴിഞ്ഞ് വെള്ളത്തിലെ ഉരുളക്കിഴങ്ങും മുട്ടയും വെളിയിലേക്കെടുത്തു. കാപ്പിക്കുരു ഇട്ട വെള്ളം അരിച്ച് കപ്പിൽ ഒഴിച്ചു. പിതാവ് മകളോട്, “നീ എന്തു കാണുന്നു?”

“ഉരുളക്കിഴങ്ങ്, മുട്ട, കാപ്പി” പെട്ടെന്ന് മകൾ മറുപടി പറഞ്ഞു. കുറെക്കൂടെ ശ്രദ്ധിച്ചു നിരീക്ഷിക്കാൻ പിതാവ് ആവശ്യപ്പെട്ടു. തിളച്ച വെള്ളത്തിൽ കിടന്ന് ഉരുളക്കിഴങ്ങ് മൃദുവായതായും, പൊട്ടിപ്പോകുന്ന മുട്ട ഉറപ്പുള്ളതായി മാറിയതായും കാപ്പിക്കുരു വെള്ളത്തെ മണവും രുചിയും ഉള്ളതാക്കി മാറ്റിയതായും മകൾ പറഞ്ഞു. അപ്പോൾ പിതാവ് മകളോട് പറഞ്ഞത് ഇപ്രകാരം ആയിരുന്നു. പ്രശ്നങ്ങളില്ലാത്ത ജീവിതമില്ല. പ്രശ്നങ്ങളും, പരിഹാരവും ചേർന്നാൽ മാത്രമേ ജീവിതം പൂർണമാകൂ. തിളക്കുന്ന വെള്ളം പോലുള്ള പ്രശ്നങ്ങൾ ഉറപ്പുള്ള, രുചികരമല്ലാത്ത ഉരുളക്കിഴങ്ങുപോലുള്ള നമ്മെ മൃദുവും രുചികരവുമാക്കുന്നു. എപ്പോഴും പൊട്ടിപ്പോകാൻ സാധ്യതയുള്ള നമ്മെ ഉറപ്പുള്ളവരാക്കുന്നു. കടുപ്പവും ഉറപ്പുമുള്ള നമ്മെ മറ്റുള്ളവർക്ക് ഊർജ്ജവും ചൈതന്യവും നൽകുന്ന മണമുള്ള കാപ്പിയാക്കി മാറ്റുന്നു.

നാമും ചിന്തിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ നാം അനുഭവിച്ചതും ഇപ്പോൾ അനുഭവിക്കുന്നതുമായ പ്രശ്നങ്ങൾ ഇതുപോലെയല്ലേ. പ്രശ്നങ്ങൾ.... പ്രശ്നങ്ങൾ... എനിക്കു മാത്രം പ്രശ്നങ്ങൾ. ഇങ്ങനെ നമുക്കു ചിന്തിക്കാതിരിക്കാം. ഓരോരുത്തർക്കും പ്രശ്നങ്ങൾ വ്യത്യസ്തമാണ്. നാം എങ്ങനെ അതിനെ കാണുന്നു എന്നതാണ് മുഖ്യം.

മത്തായി. 6:27 ൽ പറഞ്ഞിരിക്കുന്നതുപോലെ വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തോട് ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്കു കഴിയും.

ഇയ്യോബ് പരീക്ഷിയ്ക്കപ്പെട്ടതുപോലെ ആരും അനുഭവിച്ചിരിക്കാൻ ഇടയില്ല. ദുഃഖിതനായ ഇയ്യോബിന് 8–ാം അദ്ധ്യായത്തിൽ യഹോവ കൊടുക്കുന്ന ധൈര്യം ഇന്നും നമുക്കു ലഭ്യമാകുന്നു. ഇയ്യോബ് 9:7 ൽ പറയുന്നതുപോലെ ആകാശഗോളങ്ങളിലും തിരമാലകളിലും ഭൂമിയിലും ഒന്നുപോലെ പ്രവർത്തിക്കാൻ കഴിയുന്നവനാണ് നമ്മുടെ ദൈവം.

നാം എന്തുചെയ്താലും എവിടെ പോയാലും തന്നെ അനുഗമിക്കുന്നവരെ ഒരുനാളും കൈവിടുകയില്ല എന്ന് വാഗ്ദത്തം ചെയ്ത ദൈവത്തോടു കൂടെയാണ് നാം പോകുന്നത് എന്ന തിരിച്ചറിവ് നമുക്കു സമാധാനം നൽകും. നമുക്കു ലഭിച്ച അനുഗ്രഹങ്ങളെ എണ്ണുമ്പോൾ പ്രശ്നങ്ങളെ ഓർത്ത് ഭാരപ്പെടാതെ ദൈവത്തെ സ്തുതിക്കാൻ നമുക്കു കഴിയും. മാനസികമോ, ശാരീരികമോ, ഭൗതികമോ ആയ പ്രശ്നങ്ങൾ ഉണ്ടായാലും ആശയറ്റവയെന്നു തോന്നുന്ന സാഹചര്യങ്ങളിൽ ദൈവം നമ്മുടെ പക്ഷത്തുണ്ടെന്നു നാം ഓർക്കുമ്പോൾ പ്രശ്നങ്ങൾ കാണപ്പെടുന്നതിനേക്കാൾ മെച്ചമായിരിക്കും. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**വത്സ ഡി. എസ്.**

---

## <u>ചർച്ച് വോയിസ് – ബൈബിൾ ക്വിസ്സ് – മലയാളം പരിഭാഷ</u>

## ഫെബ്രുവരി 2018 – സങ്കീർത്തനങ്ങൾ 131-150

1. നമ്മുടെ അമ്മയുടെ ഉദരത്തിൽ നമ്മെ മെടഞ്ഞതു ആര് ?
2. യഹോവ വാസസ്ഥലമായി ഇച്ഛിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്ത സ്ഥലം ഏത് ?
3. സങ്കീർത്തനക്കാരനെ നേർനിലത്തിൽ നടത്തുന്നതാര് ?
4. ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് ................
5. തന്റെ ജനമായ യിസ്രായേലിന് ദേശം അവകാശമായി കൊടുക്കേണ്ടതിന്ന്, ബാശാൻ രാജാവായ ആരെയാണ് യഹോവ നിഗ്രഹിച്ചത്?
6. ആരുടെ വഴിയാണ് യഹോവ മറിച്ചുകളയുന്നത്?
7. “ഇടിച്ചുകളവിൻ, അടിസ്ഥാനം വരെ അതിനെ ഇടിച്ചുകളവിൻ!” എന്നു പറഞ്ഞതാര് ?
8. സങ്കീർത്തനക്കാരന്റെ തലയ്ക്ക് എണ്ണ എന്ത്?
9. ദാവീദിന്റെ കൈകളെ യുദ്ധത്തിന് അഭ്യസിപ്പിക്കുന്നതാര് ?
10. ജീവനുള്ളതൊക്കെയും ചെയ്യേണ്ടതെന്ത്?

## Secretary's Report



Dear friends in Christ,

Greetings in the precious name of our Lord and Saviour Jesus Christ.

We are blessed with one more year to stand as witnesses of our Lord and Saviour Jesus Christ. In this New Year we must do introspection and re-dedicate ourselves before the Almighty to adhere to the Christian values in our daily lives in letter and spirit.

As all of you are aware M M Church is always in the forefront to extend helping hand to the poor and needy. In our budget for the year 2018-19 we have earmarked a lump sum amount to be used as fund towards providing financial help to the applicants. The fund is getting lean and as such we are now forced to restrict the financial aid to the minimum. We need to overcome this situation urgently by receiving offertory for the specific purpose - poor fund. Therefore we urge the members to extend all support to this task.

**1. Church Committee Meeting**

In January, regular Church Committee meeting was held on 13th January 2019 Sunday.

**2. Accounts for the month of December 2018**

The receipts and payments for the month of December 2018 is published at page nos. 21 to 26 of this issue.

**3. 70th Republic Day celebration**

National flag was hoisted in the church premises at 7:30 am by Rev.Y.Vijayadas and Rev. P.Rohan prayed for the Nation.

**4. Elections to sub organisations of M M Church**

Elections to the executive committee and office bearers for the year 2019 of the sub organsiations and Church Choir except BCL and JCEF were held during the month. Congratulations to the newly elected committees and office bearers.

**5. South Kerala Diocese District level elections for various organisations**

The M M Church members were elected as Secretaries of the following organisations of SKD in the district level.

- District Sunday School Secretary - Er.Ajith Sen
- District CEYF Secretary - Er.Ceragil Austin Prince
- District Women's Fellowship Secretary - Mrs.Girly Ansalam
- District Men's Fellowship Secretary - Mr.Shajimon K L

Congratulations!!!

**6. Marriages**

2 marriages were held at our church during the month.

Our church member Ms.Jisha Thankaraj, d/o Mr.Thankaraj, Family no.2090 was married to Mr.Vijay Harrison on 5th January 2019. Congratulations!!!

The marriage which was solemnized on 7th January 2019, belonged to a member of another CSI church.

Samooha Vivaham - Mangalya 2019 - The 'Samooha Vivaham' - Mangalya 2019 organised by Women's fellowship of CSI SKD was conducted at M M Church on 26th January 2019.

**7. Obituary**

The following members of our Church were called to eternal rest.

- Dr.Valsalam G(Family no.2055) on 12.01.2019 and funeral on 13.01.2019 at Chemboor.
- Smt. E J Vijayamma (Family no.1072) on 15.01.2019 and funeral on 15.01.2019.
- Shri.W.Rajan (Family no.1370) on 15.01.2019 and funeral on 16.01.2019 at M M Church cemetery.
- Smt. Elizabeth M George (Family no.1396) on 18.01.2019 and funeral on 19.01.2019 at M M Church cemetery.

Heartfelt condolences to the bereaved families

**8. Birthday Greetings**

Church committee extends bright and blessed birthday to all our beloved members who celebrated birthday during the month of January 2019.

The Church committee take this opportunity to wish all the members of MM Church

May God our Father and the Lord Jesus Christ give you all grace and peace.

**Dr. Thampi Sam Raj Y C**

Church Secretary

# രോഗത്തിൽ സൗഖ്യം
## Healing in Sickness

റവ. ഡോ. ഡി. ജെ. അജിത് കുമാർ

***ധ്യാനവചനം:*** *അവൻ എന്നോടു: എന്റെ കൃപ നിനക്കു മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്നു പറഞ്ഞു (2കൊരി. 12:9).*

രോഗിക്കു പൂർണ്ണമായ ആരോഗ്യവും ശാരീരികവും മാനസികവുമായ സ്വസ്ഥതയും മടക്കിക്കിട്ടുന്നതാണ് സൗഖ്യം. വൈദ്യശുശ്രൂഷകൊണ്ടു സ്വാഭാവികമായി സൗഖ്യം ലഭിക്കാം. എന്നാൽ രോഗത്തിനു ബാഹ്യമായ സൗഖ്യം ലഭിച്ചില്ലെങ്കിൽപോലും ചുറ്റുപാടിനോടും ലോകത്തോടും വീക്ഷണ വ്യത്യാസമുണ്ടാകുന്നതു തന്നെ സൗഖ്യമാണ്. സൗഖ്യമാക്കുന്ന ദൈവികസ്വഭാവം ബൈബിളിൽ ആദി മുതൽ കാണുന്നു. "ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ" (പുറ.15:26) എന്നു യിസ്രായേൽ ജനത്തോടു പറയുന്ന ഉടമ്പടി മുതൽ ദൈവം തന്റെ ജനത്തെ പലപ്പോഴും സൗഖ്യമാക്കുന്നതായി കാണുന്നു. സങ്കീർത്തനത്തിലും (സങ്കീ.103:3, 107:20, 147:3), പ്രവചനത്തിലും (യിരെ.33:6, യെശ. 53:3–5, 57:18,19, മലാ. 4:2) പുതിയനിയമത്തിലും അനേകസ്ഥലങ്ങളിൽ ഇതു ദൃശ്യമാകുന്നു. യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയിലും, അപ്പൊസ്തലന്മാരുടെ പ്രവൃത്തിയിലും രോഗശാന്തി ശുശ്രൂഷ പ്രകടമായി കണ്ടു. ഒടുവിൽ വേദപുസ്തകം അവസാനിക്കുന്നതും യോഹന്നാൻ വെളിപ്പെടുത്തുന്ന രോഗശാന്തി നൽകുന്ന ഇലയുള്ള വൃക്ഷം നിൽക്കുന്ന ഒരു സ്വർഗ്ഗീയ ദർശനത്തോടുകൂടെയാണ് (വെളി. 22:2).

ദൈവികരോഗശാന്തി സമഗ്രമായ രോഗശാന്തിയാണ്.

1. ശരീരത്തിനു സൗഖ്യം (സങ്കീ. 103:3, 1പത്രൊ. 2:24, യെശ. 53:5)
2. മനസ്സിനു സൗഖ്യം (സങ്കീ.147:3)
3. ആത്മാവിനു സൗഖ്യം (ഹോശേ.14:4). പിന്മാറ്റത്തിനു ലഭിക്കുന്ന സൗഖ്യം കൊണ്ട് അർത്ഥമാക്കുന്നത് അതാണ്.
4. ദേശത്തിനു സൗഖ്യം (2ദിന. 7:14). നമ്മുടെ രാജ്യത്തിനും, രാഷ്ട്രീയ വ്യവസ്ഥിതിക്കും, സൗഖ്യം അത്യാവശ്യമാണ്.
5. ബന്ധങ്ങൾക്കു സൗഖ്യം (എഫെ. 2:13–15). കുടുംബങ്ങൾക്കും, സുഹൃദ്ബന്ധങ്ങൾക്കുമൊക്കെ നടക്കേണ്ട സൗഖ്യമാണിത്.

രോഗങ്ങൾ വരാനുള്ള ചില കാരണങ്ങൾ ഇവിടെ സൂചിപ്പിക്കുന്നു:

- മനുഷ്യന്റെ തിന്മപ്രവൃത്തികളായ പാപം ഒരു പ്രധാനകാരണമാണ്. പല അസാന്മാർഗ്ഗികസ്വഭാവങ്ങളും രോഗങ്ങളെ വിളിച്ചുവരുത്തുന്നു. നമുക്കു ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യത്തെ ദുർവിനിയോഗം ചെയ്യുകയും വഴിവിട്ട ജീവിതം നയിക്കുകയും ചെയ്യുന്നത് ഒരു വ്യക്തിക്കു മാത്രമല്ല, ഒരു സമൂഹത്തിനു തന്നെ രോഗം വരാൻ കാരണമുണ്ടാക്കുന്നു (യെശ. 59:1,2, റോമ. 1:24-27, 1കൊരി. 11:28,29,30, കൊ-1:15).
- വി.പൗലൊസിനു ജഡത്തിൽ ശൂലം നൽകിയത് ദൈവം അറിഞ്ഞിട്ടുതന്നെയായിരുന്നു. അദ്ദേഹം നിഗളിച്ചുപോകാതിരിക്കേണ്ടതിന് എന്നാണ് താൻ പറയുന്നത് (2കൊരി. 12:7-9). ഇയ്യോബിനു രോഗം വന്നതും ദൈവം അറിഞ്ഞിട്ടായിരുന്നു (ഇയ്യോ. 1,2 അധ്യായങ്ങൾ).
- പൈശാചികശക്തികളാൽ രോഗമുണ്ടാകാം എന്നും പറയപ്പെടുന്നു. പതിനെട്ടുവർഷം കൂനിയായിരുന്ന സ്ത്രീയിലുള്ള രോഗാത്മാവിന്റെ (ലൂക്കൊ. 13:11) ബന്ധനത്തെ കർത്താവ് അഴിച്ചുവെന്നാണ് ലൂക്കൊസ് രേഖപ്പെടുത്തുന്നത്. തിന്മയുടെ ഇപ്രകാരമുള്ള ശക്തികളാലും രോഗം ഉണ്ടാകുന്നു.
- ഇന്നത്തെ സാഹചര്യത്തിൽ, അന്തരീക്ഷമലിനീകരണത്താൽ അനേകരോഗങ്ങൾ വരുന്നു. നിരപരാധികളായ കുട്ടികൾ മുതൽ വാർദ്ധക്യത്തിലുള്ളവർ വരെ മാരകരോഗങ്ങൾക്കു അടിമകളാകുന്നു. ഭൂമിയെ പരിപാലിക്കാൻ ദൈവം മനുഷ്യനെ ഏല്പിച്ചു (ഉല്പ.2:15). എന്നാൽ മനുഷ്യൻ ഭൂമിയെ പരമാവധി ചൂഷണം ചെയ്തു. തന്മൂലം ഭൂമിയുടെ സന്തുലിതാവസ്ഥ വെല്ലുവിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ജലം മലിനപ്പെട്ടു. മണ്ണു മലിനപ്പെട്ടു. തോടും നദിയും കുളവും അരുവിയും കിണറും അപ്രത്യക്ഷമായി. വായു മലിനപ്പെട്ടു. ഭക്ഷണങ്ങളിലും പച്ചക്കറിയിലും രാസവസ്തുക്കളാണ്. ഇതിന്റെ പരിണിതഫലം മനുഷ്യൻ അനുഭവിക്കുന്നു. പരിസ്ഥിതിവാദികൾ ഒരുവശത്തു ശബ്ദം ഉയർത്തുന്നുണ്ടെങ്കിലും മറുവശത്തു തിന്മയിൽ നിന്നു തിന്മയിലേക്കും, തെറ്റിൽ നിന്നു തെറ്റിലേക്കും നമ്മുടെ ഭൂമിയുടെ അവസ്ഥ പോയിക്കൊണ്ടിരിക്കുന്നു. അങ്ങനെ മലിനീകരണം അനേക രോഗങ്ങൾക്കു കാരണമായി.

ഇവിടെയാണ് നാം ദൈവമുഖം തേടേണ്ടത്. ഒരു സമഗ്രസൗഖ്യത്തിനു വേണ്ടി നമുക്കു ദൈവത്തിലാശ്രയിക്കുകയും ലോകത്തിനു സൗഖ്യം വരുത്താൻ നമുക്കു പ്രാർത്ഥിക്കുകയും യത്നിക്കുകയും ചെയ്യാം.

### 1. ബലഹീനനായ മോശെ (പുറ. 4:10-17)

യിസ്രായേൽ ജനത്തെ വിടുവിക്കാൻ ദൈവം മോശെയെ തിരഞ്ഞെടുത്തു. എന്നാൽ അദ്ദേഹം വിക്കനും തടിച്ച നാവുള്ളവനുമാകുന്നുവെന്ന് അറിഞ്ഞിരുന്നു (പുറ. 4:10). എന്നാൽ ആ മോശെയെത്തന്നെ ദൈവം ഒരു വലിയ

ശുശ്രൂഷക്കായി വിളിച്ചു. "ഊമനെയും ചെകിടനെയും കാഴ്ചയുള്ളവനെയും കുരുടനെയും ഉണ്ടാക്കിയതു ആർ? ഞാൻ നിന്റെ വായോടുകൂടെ ഇരുന്നു നീ സംസാരിക്കേണ്ടതു ഉപദേശിച്ചു തരും" എന്നു വാഗ്ദത്തം ചെയ്തു (പുറ. 4:11,12). ഇങ്ങനെ ബലഹീനനായ മോശെ ബലപ്പെട്ടു. ബലഹീനതകളിൽ പതറാതെ ജീവിക്കാൻ തിരുവചനം ആഹ്വാനം ചെയ്യുന്നു.

### 2. കുരുടനിൽ ദൈവമഹത്വം (യോഹ. 9:1–7)

ഇവൻ കുരുടനായി പിറക്കാൻ പാപം ചെയ്തത് ആരായിരുന്നു എന്നായിരുന്നു ശിഷ്യന്മാരുടെ സംശയം. എന്നാൽ ദൈവപ്രവൃത്തി അവനിൽ വെളിപ്പെടേണ്ടതിനാണ് എന്നു യേശു പറഞ്ഞ് കുരുടനെ സൗഖ്യമാക്കി. ദൈവനാമം പലവിധത്തിൽ മഹത്വപ്പെടുന്നു. ദൈവത്തിന്റെ സൗഖ്യമാക്കുന്ന പ്രവർത്തിയാണ് ഇവിടെയെല്ലാം കാണുന്നത്.

### 3. ബലഹീനതയിലും ബലം (2കൊരി. 12:1–10)

ജഡത്തിലെ ശൂലം മാറാനായി പൗലൊസ് 3 പ്രാവശ്യം പ്രാർത്ഥിച്ചു (2 കൊരി. 12:7). എന്നാൽ ദൈവം അദ്ദേഹത്തിനു പരിഹാരം നൽകിയില്ല. "എന്റെ കൃപ നിനക്കു മതി എന്റെ ശക്തി നിന്റെ ബലഹീനതയിൽ തികഞ്ഞുവരുന്നു" എന്നായിരുന്നു യേശു നൽകിയ ഉത്തരം. ബലഹീനതയിലും അമിതബലം നൽകി നടത്തിവരുന്ന ദൈവകൃപയാണ് ഇവിടെ പ്രസ്താവ്യം. രോഗത്തിൽനിന്നുള്ള വിടുതൽ അല്ല രോഗത്തിലെ സൗഖ്യമാണ് ഇവിടെ നടന്നത്. ഇത്തരം അനുഭവങ്ങളും പ്രാർത്ഥനയുടെ മറുപടിയായി കാണാൻ നമുക്കു കഴിയണം. 'യേശുവേ നിന്റെ കൃപ എനിക്കു മതി' എന്നു നമുക്കു പറയാൻ കഴിയുമോ?

## തിരുസഭായോഗം

2019 ഫെബ്രുവരി 17 ഞായറാഴ്ച 8.30 നുള്ള മലയാളം ആരാധനയ്ക്കുശേഷം തിരുസഭായോഗം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. TJM ഹാളിന്റെ പുനരുദ്ധാരണ നിർമ്മാണ പ്രവർത്തനത്തെപ്പറ്റിയുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുകയാണ് ഈ തിരുസഭായോഗത്തിന്റെ പ്രധാന ഉദ്ദേശ്യം. അതിനാൽ, തിരുസഭായോഗത്തിൽ പങ്കെടുക്കാൻ യോഗ്യരായ എല്ലാ അംഗങ്ങളും പ്രസ്തുതയോഗത്തിൽ പങ്കെടുക്കാൻ താല്പര്യപ്പെടുന്നു.

**സഭാകമ്മിറ്റി**

ലേഖനം

# ശ്രദ്ധിക്കപ്പെടാത്ത മഹാരോഗം

**ബെഞ്ചമിൻ മോസസ്സ്**
**9447246599**

നമ്മൾ നിരവധി രോഗങ്ങളാൽ ബാധിതരാകുന്നു. രോഗമില്ലാത്ത അവസ്ഥ ഭാഗ്യം തന്നെ. എന്നാൽ അന്തരീക്ഷ മലിനീകരണം, മായം കലർന്ന ഭക്ഷണം, കഠിനാദ്ധ്വാനം, വ്യായമക്കുറവ് തുടങ്ങിയവ നമ്മെ രോഗിയാക്കുന്ന പ്രധാന ഘടകങ്ങളാണ്. നമ്മുടെ ശരീരത്തിനും മനസ്സിനും ബാധിക്കുന്ന രോഗങ്ങളെക്കുറിച്ച് നാം വളരെ ചിന്തയുള്ളവരാണ്. എന്നാൽ നമുക്ക് ശരീരവും മനസ്സും മാത്രവുമല്ല ആത്മാവും ഹൃദയം അഥവാ മനഃസ്സാക്ഷിയുമുണ്ട്. ദൈവത്തെ നാം സ്നേഹിക്കേണ്ടത് പൂർണ്ണ ആത്മാവോടും പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെയാണ് (ലൂക്കോ 10: 27). ഇതിൽ ആത്മാവിനെയും മനഃസ്സാക്ഷിയെയും കുറിച്ച് നാം ഗൗരവമായി ചിന്തിക്കാറില്ല. അതിനു കാരണം പാപരോഗം നമ്മുടെ ആത്മാവിന്റെ ജീവൻ ഇല്ലാതാക്കുകയും നമ്മുടെ മനഃസ്സാക്ഷിയെ കഠിനമാക്കി വെള്ളതേച്ച ശവക്കല്ലറകളെപ്പോലെ ആക്കുകയും ചെയ്തു. ഇവിടെ യേശുവിന്റെ രണ്ടു പ്രസ്താവനകൾ വളരെ പ്രാധാന്യമർഹിക്കുന്നു. നിങ്ങൾക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനുമത്രേ ഞാൻ വന്നിരിക്കുന്നത്. (യോഹ.10:10). ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ (മത്താ 5:8). ആത്മാവിനു ജീവനും മനഃസാക്ഷിക്ക് ശുദ്ധീകരണവും നൽകുവാൻ ദൈവം തന്റെ പുത്രനായ യേശുക്രിസ്തുവിനെ ഈ ലോകത്തിലേക്കു അയച്ചു.

**പാപരോഗലക്ഷണങ്ങൾ**

ഏതു രോഗത്തിനും ലക്ഷണങ്ങൾ ഉള്ളതുപോലെ പാപരോഗത്തിനും ലക്ഷണങ്ങൾ ഉണ്ട്. പാപരോഗബാധയുണ്ടാകുന്നത് തലയ്ക്കും ഹൃദയത്തിനുമാണെന്ന് വേദപുസ്തകം പറയുന്നു, തലമുഴുവനും ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചിരിക്കുന്നു (യെശ. 1:5). അതായത് ചിന്താമണ്ഡലത്തെയും മനഃസ്സാക്ഷിയെയും ഈ രോഗം ബാധിക്കുന്നു. ഈ രോഗം നമ്മുടെ ആത്മാവിന്റെ ജീവനെ നഷ്ടപ്പെടുത്തി. തന്മൂലം നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്ന മനഃസ്സാക്ഷിയും ബുദ്ധിമണ്ഡലവും പാപരോഗബാധിതമായി. പാമ്പിനെപ്പോലെ ബുദ്ധിയും പ്രാവിനെപ്പോലെ നിഷ്കളങ്കരുമാകുവിൻ എന്നു പറഞ്ഞുവെങ്കിൽ നാം ഇന്ന് പാമ്പിനെപ്പോലെ വിഷവും പ്രാവിനെപ്പോലെ ചിറകുണ്ടായിരുന്നെങ്കിൽ പറന്നു പോകാമായിരുന്നു എന്നു ചിന്തിക്കുന്നവരുമല്ലേ? അതിന്റെ കാഠിന്യം ഓരോരുത്തരിലും ഏറിയും കുറഞ്ഞും ഇരിക്കും.

### ലക്ഷണങ്ങൾ

ആദ്യം യേശു പറഞ്ഞ ലക്ഷണങ്ങൾ ശ്രദ്ധിക്കാം. ദുർചിന്തകൾ, വേശ്യാവൃത്തി, മോഷണം (തട്ടിപ്പും, വെട്ടിപ്പും) കൊലപാതകം (ആയുധം ഉപയോഗിച്ചു മാത്രമല്ല വാക്കും നാക്കും ഉപയോഗിച്ചുള്ള തേജോവധം) വ്യഭിചാരം (ലൈംഗീക മോഹത്തോടെയുള്ള നോട്ടം), ദുരാഗ്രഹം (അത്യാഗ്രഹം), ദുഷ്ടത, ചതിവ് (പാരവെയ്പ്) ഭോഗാസക്തി, (ആഡംബര പ്രിയം), വിടക്കു കണ്ണ് (അസൂയ നിറഞ്ഞ നോട്ടം) അഹങ്കാരം, മൂഢത (വിവേക ശൂന്യതയോടെയുള്ള എടുത്തു ചാട്ടം). ഇവയാണ് യേശു പറഞ്ഞ പാപരോഗ ലക്ഷണങ്ങൾ

ലേഖനത്തിൽ ഇവയെ മനഃസ്സാക്ഷിയിൽ നിറഞ്ഞിരിക്കുന്ന നിർജ്ജീവ പ്രവൃത്തികളായി പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ട് ക്രിസ്തീയ ജീവിതത്തിന്റെ തുടക്കം തന്നെ നിർജ്ജീവ പ്രവൃത്തകളിൽ നിന്നുള്ള മാനസാന്തരം എന്നു തിരുവചനം നമ്മെ പഠിപ്പിക്കുന്നു (എബ്രാ.9:4,6:1). നിർജ്ജീവപ്രവൃത്തികൾ എന്നതിനർത്ഥം ജഡത്തിന്റെ പ്രവൃത്തികൾ എന്നാണ്. ഗലാത്യ സഭയിലെ സ്നാനപ്പെട്ട് ,തിരുവത്താഴം എടുത്തു കൊണ്ടിരിക്കുന്ന വിശ്വാസ സമൂഹത്തോട് അപ്പൊസ്തലനായ പൗലൊസ് നൽകുന്ന താക്കീത് ശ്രദ്ധിക്കുക: ജഡത്തിന്റെ പ്രവൃത്തികളോ, ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം. ശത്രുത, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയ ചിന്ത, വിദ്വേഷം, മദ്യപാനം, മദിരോൽസവം മുതലായവ എന്നു കാണപ്പെടുന്നു. ഈ വക സ്വഭാവമുള്ളവർ ദൈവരാജ്യം അവകാശമാക്കുകയില്ല (ഗലാ.5:19-21)

അതായത് പാപരോഗം മനുഷ്യനെ മനുഷ്യനല്ലാതാക്കുന്നു. ഓരോ ജീവികൾക്കും അതിന്റേതായ സ്വഭാവം ഉണ്ട്. എന്നാൽ മനുഷ്യന്റെ സ്വഭാവം എപ്പോൾ മാറുമെന്നു ആർക്കും മുൻനിർണ്ണയിക്കാനാവില്ല. അതിനു കാരണം അവന്റെ പാപ രോഗമാണ്.

### പാപരോഗത്തിന്റെ അനന്തര ഫലം

പാപരോഗം ചികിത്സിച്ചില്ലെങ്കിൽ അതിന്റെ അന്ത്യം നിത്യദണ്ഡന സ്ഥലമായ നരകാഗ്നിയാണ്. പാപരോഗമുള്ളവനാണ് പാപി. ദൈവം പാപിയെ സ്നേഹിക്കുന്നുവെങ്കിലും പാപരോഗത്തെ വെറുക്കുന്നു. പാപരോഗമുള്ളവരെ ദൈവം കാണുന്നത് അയ്യോ കഷ്ടം എന്ന നിലയിലാണ്. യെശയ്യാവ് 1: 4 ൽ അയ്യോ പാപമുള്ള ജാതി എന്നു ദൈവം തന്റെ ജനത്തെക്കുറിച്ചു പരിതപിക്കുന്നു. യേശു തന്റെ ശുശ്രൂഷാകാലത്ത് പാപരോഗത്തിന് അടിമകളായിരിക്കേ മനുഷ്യരുടെ മുമ്പിൽ വിശുദ്ധരായി വേഷം കെട്ടി നടക്കുന്നവരെ നോക്കി നിങ്ങൾക്ക് അയ്യോ കഷ്ടം എന്നു മുന്നറിയിപ്പു നൽകി (ലൂക്കൊ. 11:24-26, 52 ).

### പാപരോഗത്തിന്റെ സൗഖ്യം

പാപരോഗത്തിന്റെ സൗഖ്യം ക്രിസ്തുമതം ഉൾപ്പെടെ ഒരു മതത്തിനും നൽകുവാൻ കഴികയില്ല. എന്നാൽ യേശു ക്രിസ്തുവിനു നൽകുവാൻ കഴിയും. യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ1:7). ക്രിസ്തു യേശുവിന്റെ രക്തം നമ്മുടെ മനഃസ്സാക്ഷിയെ നിർജ്ജീവ പ്രവൃത്തികളെപോക്കി ശുദ്ധീകരിക്കുന്നു (എബ്രാ 9:14) പാപത്തിനു മരിച്ചവ

രായി ദൈവത്തിനായി ജീവിക്കേണ്ടതിനു യേശുക്രിസ്തു തന്റെ ശരീരത്തിൽ നമ്മുടെ പാപരോഗങ്ങളെ വഹിച്ചു ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നമുക്കു സൗഖ്യം ഉറപ്പാക്കിയിരിക്കുന്നു (1പത്രൊസ് 2:24).

പാപരോഗത്താൽ നീ (മനഃസാക്ഷി) വലഞ്ഞു

പാരം കേണിടുമ്പോൾ തിരുമേനിയതിൽ

നിന്റെ (മനഃസാക്ഷി) ഭാരം എല്ലാം ചുമന്നു.

ആശയറ്റെൻ സ്ഥിതി താനറിഞ്ഞു

ഈശോ കോപാഗ്നിയിൽ വീണെരിഞ്ഞു

വിശുദ്ധ നിണം വിയർപ്പായ് തിരിഞ്ഞു

യേശുവിനു മഹത്വം

**നാം ചെയ്യേണ്ടത്**

നമുക്ക് പാപരോഗം ഉണ്ടെന്ന് സമ്മതിക്കുക. ക്രിസ്തു വിരോധിയായിരുന്ന പൗലൊസ് എട്ടാം നാളിൽ പരിച്ഛേദനയേറ്റവനും ന്യായപ്രമാണത്തിന്റെ നീതി സംബന്ധിച്ച് അനിന്ദ്യനുമായിരുന്നു (ഫിലി.3:4). അദ്ദേഹം പാപിയാണെന്ന് ആരെങ്കിലും പറഞ്ഞാൽ അദ്ദേഹം അതു ഒരിക്കലും അംഗീകരിക്കയില്ല. കാരണം അദ്ദേഹം പരീശൻ, പിടിച്ചു പറിക്കാത്തവൻ, വ്യഭിചാരം ചെയ്യാത്തവൻ, ആഴ്ചയിൽ രണ്ടു ദിവസം ഉപവസിക്കുന്നവൻ, ദശാംശം കൃത്യമായി ദേവാലയത്തിൽ അർപ്പിക്കുന്നവൻ. ഇങ്ങനെയുള്ളൊരു വ്യക്തി പാപി എന്നു സ്വയം സമ്മതിക്കുമോ? എന്നാൽ ക്രിസ്തുവിനെ അറിഞ്ഞപ്പോൾ താൻ പറയുകയാണ് ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു എല്ലാവരും അംഗീകരിപ്പാൻ യോഗ്യമായ വചനം തന്നെ: ആ പാപികളിൽ ഞാൻ ഒന്നാമൻ (1തിമൊ.1:15). ക്രിസ്തുവിനെ കണ്ടെത്തിയ തനിക്ക് മനസ്സിലായി ഞാൻ ഒരു മത തീവ്രവാദിമാത്രമായിരുന്നു. ദൈവസ്നേഹവും, കരുണയും, വിശ്വസ്തതയും ഒന്നും തനിക്കില്ലെന്നു തിരിച്ചറിഞ്ഞു. ഈ തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. അതിനെ തുടർന്ന് നമ്മുടെ പാപങ്ങളെ ഹൃദയപൂർവ്വം ഏറ്റു പറയണം. നമ്മുടെ ദുർമനഃസ്സാക്ഷി നീങ്ങേണ്ടതിന് ദൈവവചനത്താൽ എന്നെ ശുദ്ധീകരിക്കേണമേ എന്നു പ്രാർത്ഥിക്കുക. ഈ ശുദ്ധീകരണ പ്രക്രിയ വിശുദ്ധിയിൽ നിന്നും വിശുദ്ധിയിലേക്കുള്ള ദീർഘയാത്രയാണ്, മരണം വരെ തുടർന്നുകൊണ്ടിരിക്കും.

**സൗഖ്യത്തെ നിലനിർത്തുക**

പാപരോഗത്തിൽ നിന്നും പ്രാപിച്ച സൗഖ്യം നിലനിർത്തുവാൻ ദൈവവചനത്തിലധിഷ്ഠിതമായ ജീവിതം നയിക്കുകയും പാപത്തോടും എതിർത്തു നിൽക്കുവാൻ പരിശുദ്ധാത്മശക്തിയാൽ ബലപ്പെടുകയും വേണം.

സുവിശേഷം നാം പാപരോഗത്തിന്റെ സൗഖ്യത്താൽ ദൈവരാജ്യത്തിനവകാശിയായിത്തീരുന്ന മഹാസന്തോഷമാണ്. പൗലൊസ് പറയുന്നു, ഈ സുവിശേഷം അറിയിച്ചില്ലെങ്കിൽ എനിക്കു അയ്യോ കഷ്ടം! നമുക്കും ഈ സുവിശേഷം എങ്ങനെ മറ്റുള്ളവരോട് പറയാതിരിക്കുവാൻ കഴിയും? പറയാതെ വയ്യ! ❍

എ. ലിവിംഗ്സ്റ്റൺ

# "കർത്താവെന്റെ ബലവും സംഗീതവും"

### രചനയും സംഗീതവും: പ്രൊഫ. കോശി തലയ്ക്കൽ

### (ക്രിസ്തീയ ആരാധനയ്ക്കുള്ള പാട്ടുകൾ 447)

കർത്താവെന്റെ ബലവും സംഗീതവും
എന്നാത്മരക്ഷയുമവനല്ലോ - ജയ
സന്തോഷഗീതങ്ങളുണ്ട്
നീതിയുള്ളവർ വാഴുന്ന വീട്ടിൽ
മനുഷ്യരിലാശ്രയം വെയ്ക്കുകില്ലാ ഞാൻ
യഹോവയിലാശ്രയിക്കും
അവൻ ദയയുള്ളവൻ ദീർഘക്ഷമയുള്ളവൻ
കൃപമേൽ കൃപപകരുന്നവൻ-

ജീവിതാനുഭവങ്ങളിലെ വിവിധ സന്ദർഭങ്ങളിൽ, ബാല്യകാലത്ത് മനഃപ്പാഠമാക്കിയിട്ടുള്ള വേദവാക്യങ്ങൾ നാമറിയാതെ ഉരുവിട്ടുപോകും. ഈ ഗാനം രൂപപ്പെട്ടതും ഒരു പ്രത്യേക സാഹചര്യത്തിൽ സ്വർഗ്ഗീയ ചിന്തയിൽ മുഴുകിയ രചയിതാവിന്റെ അധരങ്ങളിൽ നിന്നും ഉതിർന്നതാണ്. പ്രൊഫ. കോശി തലയ്ക്കൽ സാറിന്റെ ഓരോ ഗാനവും ആത്മീയാനുഭവങ്ങളുടെ പ്രകടനമാണ്. അതിനാൽ അവ ദുഃഖിതർക്കാശ്വാസവും നിരാശിതർക്കു പ്രത്യാശയും നൽകുന്നു. ഇത്തരത്തിലുള്ള നൂറിലേറെ ഗാനങ്ങൾക്ക് ഉടമയായ കോശിസാർ ഇന്നും തൂലിക ചലിപ്പിച്ചുകൊണ്ടേയിരിക്കുന്നു. തിരുവനന്തപുരത്ത് താമസിക്കയും ദിവസേന മാവേലിക്കരയ്ക്ക് പോയി ബിഷപ് മൂർ കോളേജിൽ ജോലി ചെയ്യുകയും ആയിരുന്ന കോശിസാർ ഒരു ദിവസം വീട്ടിൽ മടങ്ങിയെത്തിയപ്പോൾ മകൻ ചെയ്സിന് അസുഖംമൂലം അസ്വസ്ഥത അനുഭവിക്കുന്നതായ് കണ്ട് പരിചിതനായ ഒരു ഡോക്ടറെ കാണിക്കാനായി അവരുടെ ക്ലിനിക്കിലേക്കുപോയി. അവിടെ വലിയ തിരക്കായിരുന്നു. ഡോക്ടറെ പരിചയമുണ്ടെങ്കിലും മുറ തെററിക്കാതെ കാത്തിരുന്നു. അപ്പോൾ ഡോക്ടറുടെ മുറിയുടെ മുമ്പിൽ തൂക്കിയിട്ടിരുന്ന ഒരു വേദവാക്യം ശ്രദ്ധയിൽപെട്ടു. ആ വാക്യം പലപ്പോഴും വായിച്ചിട്ടുള്ളതും മനഃപാഠമാക്കിയിരുന്നതുമായ സങ്കീർത്തനങ്ങൾ 118:11 ആയിരുന്നു: "യഹോവ എന്റെ ബലം; എന്റെ കീർത്തനം; അവൻ എനിക്കു രക്ഷ." ഈ ചിന്തയിൽ മുഴുകി താൻ സമയം തള്ളിനീക്കി. കാതുകളിൽ തുടരെ മുഴങ്ങിയ ഈ വചനം ഒരു ഗാനവരികളായി പുറത്തുവന്നു. ആ വരികൾ മകന്റെ കാതുകളിലേക്ക് പാടികേൾപ്പിച്ചു. ഡോക്ടറെ കാണാനുള്ള ഊഴം വന്നപ്പോൾ പോയി ഡോക്ടറെ കണ്ടശേഷം വീട്ടിലേക്കു മടങ്ങി. അപ്പോഴും ഗാനവരികൾ "കർത്താവെന്റെ ബലവും സംഗീതവും" പാടിക്കൊണ്ടേയിരുന്നു. ഈ ഗാനം 1994 ലെ മാരാമൺ കൺവൻഷൻ ഗാനപുസ്തകത്തിലും ഇന്ന് മറ്റു പാട്ടുപുസ്തകങ്ങളിലും ചേർക്കപ്പെട്ട ഒരിഷ്ടഗാനമായിത്തീർന്നിരിക്കുന്നു.

സങ്കീർത്തനക്കാരൻ 118-ാം സങ്കീർത്തനം രചിച്ചത്, യിസ്രായേൽ മക്കളോടൊപ്പം ചെങ്കടൽ കടന്നപ്പോൾ പാടിയപാട്ടിനെ അടിസ്ഥാനമാക്കിയാണെന്നു കാണാം. ആ വരികളിലും 'ബലവും സംഗീത (ഗീതം) വും എന്നാണ് കാണുന്നത് "എന്റെ ബലവും എന്റെ ഗീതവും യഹോവയത്രേ" പുറപ്പാട് 15:2 ❍

രചന, സംഗീതം : ഇളവട്ടം ജസ്റ്റസ്
9446488836
Family No. 1708

## ഓശാന ഗാനം

ഓശാന..... ഓശാന.... ഓശാന...
ഓശാന പാടിക്കൊണ്ടാമോദചിത്തരായ്
മാനവരൊന്നായ് കൂടി
രാജാധിരാജനായ് എഴുന്നെള്ളും ക്രിസ്തുവെ
സ്വീകരിച്ചാനയിക്കാൻ - 2 (ഓശാന)

1
വഴിയിൽ നിറയേ പൂവിതളുകളാൽ
പൂമെത്തയൊരുക്കിയല്ലോ
ജയവീരനായ് വരും ക്രിസ്തുവിനായവർ
ആർത്തുപാടിയല്ലോ - 2 (ഓശാന)

2
നിരനിരയായി ദൂതർ നിരന്നു
സ്തുതിസ്തോത്രമേകുവാനായ്
തിരുവാലയത്തിൽ പ്രവേശിച്ച നേരം
രക്ഷിതാവെന്നാർത്തു ജനം - 2 (ഓശാന)



# *Faith and Deed*

**Joseph Samuel**
Fly no. 2121

Faith produces works. And nowhere is this theme more passionately argued than in James 2: 14-26. Faith is like calories, you can't see it but you can notice its results. Let's take a closer look at what James has to say and does it contradict with the teachings of Paul and Jesus.

Paul says in Romans, 2 Timothy, Ephesians, Titus - Man is justified by faith alone not by works of righteousness.

He speaks about the root of salvation which is faith plus nothing else. This happens at the time of salvation. Hopefully, we all who have been saved would bear testimony to the fact that we have been saved by faith in Jesus and by His grace and nothing else. Not by works and / or deeds. No religion in the world preaches this. Sadly, lot of people are trying to attain salvation by their good deeds and trying to offset their sin with their giving, good deeds and charity. But the Bible is very clear that there is only one way to be justified or saved and that is through faith in Jesus- the one and only God who died for you and me on the cross of Calvary and lives evermore and would come as a righteous judge one day. As His children we need to be sure of this basic fact. Let not anyone confuse us or make us think otherwise.

Paul invariably looks at life from God's perspective and hence Paul is instructing that man is justified by faith alone and not by works or deeds. He preaches to the nonbelievers

So what is James Saying?

James says that man is justified by works. He talks about what is expected after we are saved. Christian journey continues after being saved. So as much as faith is that is not the end. James looks at the fruit of salvation. He sees life from man's perpective. He is exhorting and validating man's work.

Therefore, we are justified by faith. That is, we are made righteous in the eyes of God by faith. However, that faith, if it is true, will result in deeds appropriate to salvation.

Have we ever encountered someone who professes to be believer in

Christ, but the way we live seems to suggest otherwise? James' argument is that, if you believe in Jesus, you should behave like Jesus. We are saved by faith alone, but the faith that saves is not "alone". That kind of faith produces good works and fruit: the fruit of the Spirit in our life. So there is no contradiction between what Paul says and what James instructs the believers. Faith would urge us to change in how we live and what we do.

A story is told of a town where all the residents are ducks. Every Sunday the ducks waddle out of their houses and waddle down Main Street to their church. They waddle into the sanctuary and squat in their proper pews. The duck choir waddles in and takes its place, and then the duck minister comes forward and opens the duck Bible. He reads to them: "Ducks! God has given you wings! With wings you can fly! With wings you can mount up and soar like eagles. No walls can confine you! No fences can hold you! You have wings. God has given you wings, and you can fly like birds!"

All the ducks shout, "Amen!". And then they all waddle home.

Sadly this is what is happening in Christian churches to the believers. We are so set in our ways that we are not liberated or transformed. Sunday by sunday we hear sermons.... pat ourselves on our back or something happen within but no needed change happens in our lives. James says if your faith doesnot produce deeds and on changes you then your faith is dead.

